പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3057

07/02/2018-ൽ മറുപടിയ്ക്ക്

## കോങ്ങാട് പത്തിരിപ്പാലം ഗവ.ആർട്സ് & സയൻസ് കോളേജ്

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോങ്ങാട് പത്തിരിപ്പാലം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടങ്ങൾക്കും അനുബന്ധസൗകര്യങ്ങളുടെ വികസനത്തിനുമായി ഈ സർക്കാർ 10 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത കോളേജിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; നിർമ്മാണ പ്രവൃത്തി തുടങ്ങിയെങ്കിൽ പുരോഗതി ഉൾപ്പെടെയുള്ള വിവരങ്ങളുടെ വിശദവിവരം നൽകുമോ; | (എ) | പുതുതായി ആരംഭിച്ച 12 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ കോങ്ങാട് പത്തിരിപ്പാലം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജും ഉൾപ്പെടുന്നു. കോളേജിന്റെ നിർമ്മാണത്തിനായി 10 കോടിയുടെ ധനസഹായം കിഫ്ബിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ കോങ്ങാട് കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള Special Purpose Vehicle (SPV) ആയി KITEനെ നിയോഗിച്ചിട്ടുണ്ട്. അതോടൊപ്പം Detailed Project Report (DPR) തയ്യാറാക്കുന്നതിന് KITCO-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് കിഫ്ബിയുടെ മാനദണ്ഡപ്രകാരം DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത വിഷയത്തിൽ 'കിറ്റ്കോ'യും 'കൈറ്റ്'- ഉം ഉത്തരവാദിത്തം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് അടിയന്തരമായി പ്രസ്തുത കോളേജിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ? | (ബി) | കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള SPV ആയ KITE-ഉം കൺസൾട്ടന്റ് ആയ KITCO-യും പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ